കൊല്ലം ജില്ലയിലെ പൊതുടാപ്പുകളുടെ പുനർനിർണ്ണയം

78 [796] ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ഏതൊക്കെ ഗ്രാമ പഞ്ചായത്തുകളാണ് അനധികൃത കണക്ഷനുകൾ റദ്ദുചെയ്തശേഷം ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പൊതു ടാപ്പുക ളുടെ എണ്ണം പുനർനിർണ്ണയിക്കുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) പുനർ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തു കളിൽ ഇതുപ്രകാരം പുനർനിർണ്ണയം നടത്തി എന്ന് അറിയിക്കുമോ;

(സി) പുനർനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിമാന്റ് ഏതൊക്കെ പഞ്ചായത്തുകൾക്ക് നൽകി എന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത കണക്ഷനുകൾ റദ്ദുചെയ്യാതെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്താമെന്ന് ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെയാണ് വാട്ടർ അതോറിറ്റിയെ അറിയിച്ചത് ;

(ഇ) പ്രസ്തുത കണക്ഷൻ റദ്ദുചെയ്യാതെ എണ്ണി തിട്ടപ്പെടുത്തി ബാദ്ധ്യത ഏറ്റെടുക്കുവാൻ കഴിയില്ലെന്ന് പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നോ;

(എഫ്) ഇത്തരം കണക്ഷനുകൾ പഞ്ചായത്തിന്റെ കണക്കിൽ വകയിരുത്തണമെ ന്നത് അന്യായമല്ലേ ;

(ജി) പ്രസ്തുത കണക്ഷനുകൾമൂലമുണ്ടായ നഷ്ടം വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരിൽ നിന്നുമീടാക്കി പഞ്ചായത്തുകളെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരവൂർ മുനിസിപ്പാലിറ്റിയും മൈനാഗപ്പള്ളി പഞ്ചായത്തും.

(ബി) ഒരു പഞ്ചായത്തിലും പുനർനിർണ്ണയം നടത്തിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) നീണ്ടകര, ചവറ, പന്മന, തേവലക്കര, തെക്കുംഭാഗം, ആലപ്പാട്, ക്ലാപ്പന എന്നീ പഞ്ചായത്തുകളെ.

(ഇ) കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി പഞ്ചായത്തധികൃതർ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

(എഫ്) പഞ്ചായത്തുകൾ ആവശ്യപ്പെട്ടാൽ ജോയിന്റ് ഇൻസ്പെക്ഷന് ശേഷം അനധികൃത ടാപ്പുകൾ ഉണ്ടെന്നുകണ്ടാൽ അവ റദ്ദു ചെയ്യാൻ വാട്ടർ അതോറിറ്റി തയ്യാറാണ്.

(ജി) ജല അതോറിറ്റി സ്വമേധയാ പൊതുടാപ്പുകൾ അനുവദിക്കാറില്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly